15493
15/7/17

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസനം - 2017-18 സാമ്പത്തിക വർഷം 2225-03-800-81 (നോൺ പ്ലാൻ) ശീർഷകത്തിൽ 'അഡ്വക്കേറ്റ്സ് ഗ്രാന്റ്' പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള 12 ലക്ഷം രൂപ ചെലവഴിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം. 69/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 05.07.2017.

================================================================

പരാമർശം :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 14.06.2017 -ലെ BCDD-A1-2740/16 നമ്പർ കത്ത്.

**ഉത്തരവ്**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'അഡ്വക്കേറ്റ്സ് ഗ്രാന്റ്' പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 2225-03-800-81 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 ലക്ഷം രൂപ, ആനുകൂല്യം അനുവദിക്കുന്നതിനായി ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷം 2225-03-800-81 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 'അഡ്വക്കേറ്റ്സ് ഗ്രാന്റ്' പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 12 ലക്ഷം രൂപ ചെലവഴിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**രമേശ്. റ്റി**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ